# ഇണകളുടെ ആകർഷണം

ജോസ് ചെരിപ്പുറം, ന്യൂയോർക്ക്



ഷീല മുരിക്കിൻസിൻെറ കവിതകൾ സഹ്രുദയ മനസ്സുകളെ ആസ്വാദനത്തിൻെറ മേഖലയിലേക്ക് കൊണ്ട് പോകുന്നതിനൊപ്പം തന്നെ അവരെ ചിന്തിപ്പിക്കുകയും ചെയ്യുന്നു. ഇവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ വളരെ സാധാരണ എന്ന് തോന്നുമ്പോഴും അവയിൽ അടങ്ങിയിരിക്കുന്ന ഗഹനമായ അർത്ഥതലങ്ങൾ സാധാരണ വായനകാരുടെ ഗ്രഹണശക്തിയ്ക്ക് അതീതമാണ്. അവരുടെ കവിതാലോകം വിപുലവും വൈവിധ്യവുമാണ്. അതിലേക്ക് ഒന്നും കടക്കാതെ ഇ മലയാളിയിൽ വന്ന അവരുടെ “ആണും ലെഗ്ഗിൻസും കാന്തരേണുക്കളും” എന്ന കവിതയെക്കുറിച്ച് എൻെറ ഒരു ആസ്വാദനം വായനകാരുമായി പങ്കിടുകയാണ്.

ഓരോ ജീവികളുടേയും ജന്മോദ്ദേശ്യം വംശവർദ്ധനവ് തന്നെ. ജീവികളിൽ ബുദ്ധിമാനെന്നു അഭിമാനിക്കുന്ന മനുഷ്യനും അതിൽ നിന്നും മോചിതനല്ല. അവൻ സദാചാരം കളിച്ച് കാണുന്നതൊക്കെ കണ്ണടച്ച് ഇരുട്ടാക്കുമെങ്കിലും ഉള്ളിൻെറ ഉള്ളിൽ ഇണയെ പ്രാപിക്കുക എന്ന അദമ്യ മോഹത്തിനു അടിമയാണ്. ഈ കവിതയിൽ ഷീല കുറെ കഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ചിലതിനെല്ലാം ചരിത്ര പിൻബലമുണ്ട്. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിപോലും ലൈംഗികചിന്തകൾക്ക് വശംവദനായി അച്ഛനെ ശുശ്രൂക്കുന്നതിനിടയിൽ നിന്നും ഭാര്യയെ തേടി പോയിയെന്ന് അദ്ദേഹത്തിൻെറ സത്യാന്വേഷണ ചിന്തകളിൽ നമ്മൾ കാണുന്നുണ്ട്. അദ്ദേഹം പിന്നീട് ജിതീന്ദ്രിയനായി എന്നും നമ്മൾ അറിയുന്നു.

കാന്തം പച്ചിരുമ്പിനെ ആകർഷിക്കുന്നുവെന്നത് എല്ലാവർക്കും അറിയുന്ന ഒരു സത്യം. ഷീല കൂട്ടിചേർക്കുന്നു, നിറമുള്ള ഇരുമ്പിനേയും കാന്തം ആകർഷിക്കുന്നു. പച്ചയും ഒരു നിറമാണല്ലോ. സ്ത്രീ പുരുഷനെയാണു എപ്പോഴും ആകർഷിപ്പിച്ചിരിക്കുന്നത്. കാന്തം അവളിൽ നിക്ഷിപ്തമാണ്. ഗുരുത്വാകർഷണം ഭൂമിക്കാണ്. ഉയരങ്ങളിൽ നിന്ന് എല്ലാ അവളിലേക്ക് നിപതിക്കുന്നു. ഒരു പക്ഷെ വീഴാൻ താൽപ്പര്യമില്ലാത്തത് പോലും. ആ വീഴ്ച്ചക്ക് പാപവുമായി ബന്ധമില്ലെന്ന് ഷീല സമർഥിക്കുന്നു. പാപം ചെയ്യാത്തവർ

കല്ലെറിയട്ടെ എന്ന യേശുദേവൻെറ വചനങ്ങൾ അവർ ഉദ്ധരിക്കുന്നു. സ്ത്രീയിൽ കാന്തരേണുക്കൾ പ്രസരിക്കുന്നടത്തോളം പുരുഷൻ അവൾക്ക് ചുറ്റും കറങ്ങി കറങ്ങി അവളിൽ നിപതിക്കും. ഇത് പ്രക്രുതിയുടെ, ദൈവത്തിൻെറ ഉദ്ദേശ്യവും കൽപ്പനയുമാണെങ്കിൽ എന്തിനു സ്ത്രീയുടെ വസ്ത്രത്തെ അവളുടെ ആഭരണത്തെ കുറ്റപ്പെടുത്തുന്നു. പുരുഷൻ സ്ത്രീയോട് ചേർന്ന് സന്താനങ്ങൾ ഉണ്ടായി അവൻെറ വംശം നില നിൽക്കണം. എന്നാൽ ഈ ഒഴിവു കഴിവും പറഞ്ഞ് എല്ലാ പുരുഷന്മാരും സ്ത്രീകളുടെ ആകർഷണത്തിൽ വീഴുന്നത് അപകടമായിരിക്കും.

ഇരുമ്പിൻെറ നിറത്തെ കുറിച്ച് പറഞ്ഞ് ഷീല ചില പരിഹാസ ശരങ്ങൾ തൊടുക്കുന്നുണ്ട്. അതായ്ത് ഈ കാന്തരേണുകകൾ പ്രവർത്തിക്കുമ്പോൾ സന്യാസിമാരുടെ കാവിയ്ക്കും, പുരോഹിതന്മാരുടെ വെള്ളയ്ക്കും മങ്ങലേൽക്കുന്നു എന്ന് ഷീല ധൈര്യമായി എഴുതുന്നുണ്ട്. ഈ കവിത സമൂഹത്തിലെ ഒരു സത്യത്തെ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്. പദവിയും, പ്രായവും, അറിവും ഒന്നും ഈ കാന്തരേണുക്കളുടെ മുന്നിൽ ഒന്നുമല്ല. കാന്തരേണുക്കൾ എന്നും എവിടേയും ജയിക്കും. പക്ഷെ സ്ത്രീയുടെ ജയം സമ്മതിച്ച്കൊടുക്കാൻ മനസ്സില്ലാത്ത് പുരുഷ മേധാവിത്വം വിശ്വാമിത്രനെപോലെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞ് മാറുന്നു. ഇത് കാലാകാലങ്ങളിൽ സംഭവിച്ച്കൊണ്ടിരിക്കുന്നു. ഭൂമിയുടെ ഗുരുത്വാകർഷണമ്പോലെ എല്ലാ ജീവജാലങ്ങളിലേയും സ്ത്രീ പ്രജകളിലുള്ള ഈ കാന്തരേണുക്കൾ അവയുടെ സ്വധർമ്മം അനുഷ്ഠിച്ച്കൊണ്ടിരിക്കും. പുരുഷൻ ഇതിൻെറ മുന്നില ബലഹീനനാണു്. എന്നാൽ ആ സത്യം അവൻ സമ്മതിക്കുകയില്ല. “കാന്തം തപ്ശക്തിയുള്ള പച്ചിരുമ്പിനേയും ആകർഷിക്കുമെന്ന് വ്യാസമൊഴി”. ശരിയാണു കാന്തരേണുക്കളുടെ പ്രസരത്തിൽ നിന്ന് ആർക്കും മോചനമില്ല. ഇങ്ങനെ ആകർഷണം പരിധി വിട്ട് പോകുന്നത്കൊണ്ടായിരിക്കും ഇപ്പോൾ കാന്തവും കാന്തവും തമ്മിൽ, ഇരുമ്പും ഇരുമ്പ്ം തമ്മിൽ ആകർഷണം ക്രുത്രിമമായി ഉണ്ടായികൊണ്ടിരിക്കുന്നത്. അത് ഒരിക്കലും വിജയിക്കാൻ പോകുന്നില്ല.

ഷീല വളരെ ചിന്തദ്യോതകമായ ഒരു വിഷയമാണു് വായനകാരുടെ ശ്രദ്ധക്കായി സമർപ്പിച്ചിട്ടുള്ളത്. പുരാണങ്ങാളിലു, ചരിത്രങ്ങളിലു, നമുക്ക് ചുറ്റുമുള്ള സംഭവങ്ങളെ കോർത്തെടുത്ത് അവർ അത് ഭംഗിയായി ചെയ്യുവെന്ന് ഞാൻ വിശ്വസിക്കുന്നു.

ഷീല മോൻസ് മുരിക്കൻസിനു എല്ലാ ഭാവുകങ്ങളും നേരുന്നു.

***********************************